തിങ്ങിപ്പാർക്കുന്ന ഈർങ്ങോട്ടിരി പഞ്ചായത്തിൽ പനംപ്ലാവ്, വൈരങ്ങോട്, ആലപ്പാറ, കൊക്കിൽപ്പാറ, വെറ്റിലപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും ധാരാളം ഏക്കർ കൃഷി നശിക്കുകയുണ്ടായി. ഇരുന്നൂറോളം കൃഷിക്കാരുടെ റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ കൃഷികൾ നഷ്ടപ്പെട്ടു. കൃഷി വകുപ്പിൽനിന്ന് നാമമാത്രമായ ആശ്വാസ സംഖ്യയാണ് അവർക്ക് നൽകിയിട്ടുള്ളത്. ധാരാളം കെട്ടിടങ്ങൾക്കും റോഡുകൾക്കും കേടുപറ്റി. 1998-ലും 1997-ലും നഷ്ടപ്പെട്ടവർക്കുപോലും ഇന്നുവരെ പണം കിട്ടിയിട്ടില്ല. സ്ഥിരമായ ഉരുൾപൊട്ടലും മറ്റു നാശനഷ്ടങ്ങളും ഇല്ലാതിരിക്കാൻ വാട്ടർഷെഡ്ഡിന്റെ പ്രവർത്തനമുണ്ടായിരുന്നു. നിർഭാഗ്യമെന്നുപറയട്ടെ കൃഷിവകുപ്പിൽനിന്നും ഇപ്പോൾ അതും നടക്കുന്നില്ല. വാഴയ്ക്ക് 50 രൂപയും 20 വർഷം പ്രായമുള്ള തെങ്ങുകൾക്ക് നൂറും നൂറ്റിയൻപതും രൂപയാണ് നഷ്ടപരിഹാരമായി കൊടുക്കുന്നത്. ഈ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. ദുരിതവുമായി മുന്നോട്ടുപോകുന്ന കൃഷിക്കാരെ ആത്മാർത്ഥമായി സഹായിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി മറുപടി പറയേണ്ട വിഷയമാണ്. പക്ഷെ അനുവദിച്ചുതന്നത് എനിക്കാണ്. നമ്മൾ ആരു മറുപടി പറഞ്ഞാലും പ്രശ്നമില്ല. ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കൾ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ശരിയാണ്. 28-10-1999-ലെ കനത്ത മഴയും ഉരുൾപൊട്ടലുംമൂലം മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ വെറ്റിലപ്പാറ വില്ലേജിൽ പനംപ്ലാവ്, പന്നിയൻമല, വെറ്റിലപ്പാറ, വൈരങ്ങോട്, ആലപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കൃഷി നശിച്ചു. വീടുകൾക്കും റോഡുകൾക്കും നാശനഷ്ടം സംഭവിച്ചു. മൂന്നു വീടുകൾ പൂർണ്ണമായും 11 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. വീടുകൾ തകർന്നവർക്ക് നാലായിരം രൂപ വച്ച് നാല്പത്തിനാലായിരം രൂപയും പൂർണ്ണമായി വീടു തകർന്നവർക്ക് പതിനയ്യായിരം രൂപ വീതവും കൊടുക്കാൻ അനുവദിച്ചിട്ടുണ്ട്. പത്തു ഗ്രാമീണ റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇവയുടെ പുനരുദ്ധാരണത്തിന് അനുമതി നൽകിയിട്ടുണ്ട്. 150 പേർക്ക് കൃഷി നാശമുണ്ടായിട്ടുണ്ട്. ഇവർക്ക് നഷ്ടപരിഹാരമായി ഒരു ലക്ഷത്തി പതിനാറായിരം രൂപ വിതരണം ചെയ്തിട്ടുണ്ട്. അതിൽ തുകയുടെ ലഭ്യതയനുസരിച്ച് നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് കുറച്ചുകൂടി തുക കൊടുക്കാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആ പ്രദേശത്ത് വാട്ടർ ഷെഡിന്റെ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(16) ആലപ്പുഴ പട്ടണത്തിലെ കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. പേവാർഡുകളുടെ ശോച്യാവസ്ഥ

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ആലപ്പുഴ ചേർത്തല പട്ടണങ്ങളിൽ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കേരള ഹെൽത്ത് റിസെർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി പേ വാർഡുകളുടെ ദയനീയാവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പക്ഷെ അവിടെ മാത്രമല്ല കേരളത്തിൽ മുഴുവൻ ഇതുതന്നെയാണ് അവസ്ഥ. ഈ ദുരവസ്ഥയുണ്ടെങ്കിലും മറ്റു മാർഗ്ഗമില്ലാത്തതിനാൽ രോഗികൾ മുറി കിട്ടുന്നതിനുവേണ്ടി ക്യൂ നിൽക്കുകയാണ്. ഈ അവസ്ഥയെ ഇപ്പോൾ റിസെർച്ച് എന്നും വെൽഫെയർ എന്നും പറഞ്ഞുകൊണ്ട് ദുരുപയോഗം ചെയ്യുകയാണ്. സർ, ഇത് 1975-ൽ ഉണ്ടാക്കിയതാണ്. ഇന്നുവരെ ഒരു മെയിന്റനൻസുപോലും നടന്നിട്ടില്ല. 'എ'ടൈപ്പിന് 90 രൂപ വാടകയും 10 രൂപ സർച്ചാർജുമാണ് വാങ്ങുന്നത്. ഇവർ എന്താണു ചെയ്യുന്നത്. ഈ മുറികളോടനുബന്ധിച്ച് കക്കൂസും പ്രത്യേക പാർട്ടിഷ്യനുമുണ്ട്. ഈ കക്കൂസിലും പാർട്ടീഷ്യനിലും വയറിംഗിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി സ്വിച്ച് ബോർഡും പ്ലഗും ഒക്കെ അഴിച്ചുമാറ്റിയിട്ടിരിക്കുന്നു. അവിടെ വരുന്ന രോഗികൾക്ക് വെള്ളം തിളപ്പിച്ചു കുടിക്കാനുള്ള അവസരം പോലും നിഷേധിച്ചിരിക്കുകയാണ്. കക്കൂസിൽ വയർ വലിച്ചാണ് ഇപ്പോൾ ഒരു ബൾബ് ഇട്ടിരിക്കുന്നത്. നിയമവിരുദ്ധമായിട്ടാണ് ചെയ്തിരിക്കുന്നത്. അവിടെ ഷീറ്റില്ല, ഇത് 1975-ൽ ചെയ്തതല്ലേ? അവരുടെ മുതലും പലിശയും കവിഞ്ഞിട്ടുണ്ടാവും. ഇനി ഇതു ആശുപത്രിക്ക് വിട്ടുകൊടുക്കണം. ഡെവലപ്മെന്റ് കമ്മിറ്റികൾ മെയിന്റനൻസ് നടത്തിക്കൊള്ളും. അവിടെ പ്രസവിക്കാൻ പോകുന്ന പെണ്ണുങ്ങളുണ്ട്. അവിടത്തെ ക്ലോസെറ്റിന്റെ അവസ്ഥയെന്താണ്? അവിടെ യൂറോപ്യൻ ക്ലോസെറ്റില്ല. അങ്ങനെയുള്ള ക്ലോസെറ്റുള്ള മുറി കൊടുക്കണമെന്ന് പറഞ്ഞാൽ കൊടുക്കില്ല. അതുകൊണ്ട് ഒന്നുകിൽ ഈ പേ വാർഡുകൾ തിരികെ ആശുപത്രികൾക്ക് ഏല്പിച്ചുകൊടുക്കണം. അതല്ലെങ്കിൽ ഉപഭോക്തൃ കോടതികളിൽ കേസ് കൊടുക്കാൻ നർബന്ധിതരാകും. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കണം.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ആലപ്പുഴ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് കെ. എച്ച് ആർ. ഡബ്ല്യു. എസ്സ്. -ന്റെ രണ്ട് പേവാർഡുകളുണ്ട്. 1975-ൽ പണി കഴിപ്പിച്ചതാണ് ആദ്യത്തെ പേവാർഡ് അതിൽ 34 മുറികളുണ്ട്. ഈ പേവാർഡിന്റെ അറ്റകുറ്റ പണികൾ നടത്തിയത് 1994-ലാണ്. ആലപ്പുഴ ഡബ്ല്യൂ ആന്റ് സി. ആശുപത്രിയിൽ 15 സാധാരണ പേ വാർഡുകളുണ്ട്. ആറ് ജനതാ പേവാർഡുകളുണ്ട്. സാധാരണ പേവാർഡിന്റെ അറ്റകുറ്റപ്പണികൾ മാർച്ച് 1998-ൽ നടത്തി. ജനതാ പേവാർഡിന്റെ അറ്റകുറ്റപ്പണികൾ ഡിസംബർ 1997-ലും നടത്തി. അവിടെ ആവശ്യത്തിനു ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ജലക്ഷാമം പരിഹരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. പേ-വാർഡിൽ റീ-വയറിംഗ് നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ പേ-വാർഡുകൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡുകളെ സംബന്ധിച്ച് എന്റെ അഭിപ്രായം രേഖപ്പെടുത്തട്ടെ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല അഭിപ്രായങ്ങളോടും യോജിപ്പാണുള്ളത്. അതിൽ ചിലതു നഷ്ടത്തിലാണ്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേ വാർഡുകൾക്ക് മുപ്പത് ലക്ഷം രൂപയാണ് വരുമാനം. മുപ്പതു ലക്ഷം രൂപ മെയിന്റനൻസിനും ശമ്പള ചെലവുകൾക്കും ഉപയോഗിക്കുന്നുമുണ്ട്. ഡെവലപ്മെന്റ് കമ്മിറ്റികൾ മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

വരികയാണെങ്കിൽ നഷ്ടത്തിൽ പോകുന്ന പേ വാർഡുകൾ അവരെ ഏല്പിച്ച് മേൽനോട്ടം വഹിക്കുന്നതിന് ഗവൺമെന്റിന് തടസ്സമില്ല. മൊത്തത്തിൽ കേരളത്തിലെ പല സ്ഥാപനങ്ങളും ഞാൻ നോക്കുകയുണ്ടായി. അവിടെയെല്ലാം പരാതികളുടെ കൂമ്പാരമാണ്. അതുകൊണ്ട് ഗവൺമെന്റ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ലെവലിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കി ഡെവലപ്മെന്റ് കമ്മിറ്റികളെ ഏല്പിക്കുന്നതിനു തയ്യാറാണ്.

(17) വിഴിഞ്ഞം പൂവാർ പ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ ശോച്യാവസ്ഥ

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാണ് വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്താണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ ദൈനംദിന ഭരണം നിയന്ത്രിക്കുന്നത് എന്നാണ് വയ്പ്. വാസ്തവത്തിൽ അവയുടെ ഭരണത്തിൽ ബ്ളോക്ക് പഞ്ചായത്തിനും മെഡിക്കൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്കും വേണ്ടത്ര നിയന്ത്രണമില്ല എന്നുള്ള സ്ഥിതിയാണ്. ഈ മൂന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെക്കൊണ്ടും ഉദ്ദേശിച്ച യാതൊരു പ്രയോജനവും നാട്ടുകാർക്കും തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും കർഷകതൊഴിലാളികൾക്കും കിട്ടാത്ത അവസ്ഥയാണ്. വിഴിഞ്ഞം, പുല്ലുവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലും പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുമാണ്. ഈ മൂന്നു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും ശോച്യാവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് അന്വേഷിക്കുകയും ബ്ലോക്ക് പഞ്ചായത്ത് അധികൃതരുമായും ജനപ്രതിനിധികളുമായും മെഡിക്കൽ വകുപ്പ് ഉദ്യോഗസ്ഥന്മാരുമായും ചർച്ച ചെയ്ത് അവിടത്തെ സ്ഥിതിക്ക് മാറ്റം വരാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, 42 കിടക്കകളുള്ള വിഴിഞ്ഞം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ഡോക്ടർമാർക്ക് രണ്ട് ക്വാർട്ടേഴ്സുണ്ട്. ഡോക്ടർമാർ അവിടെ സ്ഥിരമായി താമസിക്കുന്നില്ല. കാൾ ഡ്യൂട്ടി സമ്പ്രദായമാണ് നിലവിലുള്ളത്. നാല് ഡോക്ടർമാർ ഇപ്പോൾ അവിടെയുണ്ട്. ഒരു ഡോക്ടറുടെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ട്. ഒ.പി. ഉച്ചയ്ക്ക് ഒരുമണിവരെ പ്രവർത്തിക്കുന്നുണ്ട്. ലാബ് സൗകര്യം നിലവിലുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തിക നികത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രീമിലെയർ പ്രശ്നം കാരണം പോസ്റ്റിംഗ് വൈകുകയാണ്. ഈ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിലവിലുള്ള മരുന്നുകളെല്ലാം ലഭ്യമാണ്. ഒ. പി. കെട്ടിടം പുതുക്കി

LIBRARY ARCHIVES Kerala Legislative Assembly